**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4160** **28-06-2024 - ൽ മറുപടിയ്ക്ക്**

**2024-25 വർഷത്തെ ഒന്നാം വിള നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | 2024-25 വർഷത്തെ ഒന്നാം വിള നെല്ല് സംഭരിക്കുവാൻ സിവിൽ സപ്ലൈസ് വകുപ്പ് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) | നെല്ല് സംഭരണത്തിൽ പങ്കെടുക്കുന്ന കർഷകർക്ക് വേണ്ടതായ എല്ലാ സൗകര്യങ്ങളും എല്ലാ വർഷങ്ങളിലും നെല്ല് സംഭരണ സീസൺ ആരംഭിക്കുന്നതുമുതൽ സമയ ബന്ധിതമായി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ സജ്ജമാക്കാറുണ്ട്.<br><br>2023-24 നെല്ല് സംഭരണ സീസൺ അവസാനിച്ചിട്ടില്ലാത്തതും ആയത് 2024 ജൂൺ വരെ തുടരുന്നതും, 2024-25 നെല്ല് സംഭരണ സീസൺ ആരംഭിച്ചിട്ടില്ലാത്തതുമാണ്. കൂടാതെ 2024-25ന്റെ നെല്ല് സംഭരണ സീസൺ സംബന്ധിച്ച കേന്ദ്ര വിജ്ഞാപനം ലഭ്യമായിട്ടില്ല. കേന്ദ്ര സർക്കാർ നെല്ല് സംഭരണം തുടങ്ങാനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് എല്ലാ വർഷങ്ങളിലേതുംപോലെ 2024-25 വർഷത്തിലും നിർദ്ദേശങ്ങൾ എല്ലാം പാലിച്ചുകൊണ്ട് കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്നതിന് വേണ്ടതായ എല്ലാ സൗകര്യങ്ങളും ഒരുക്കിയാണ് നെല്ല് സംഭരിക്കുന്നത്. |
| (ബി) | ഒന്നാം വിള നെല്ല് സംഭരിക്കുവാൻ മില്ലുടമകളുമായും തുക കർഷകർക്ക് വിതരണം ചെയ്യുന്നതിന് ബാങ്കുകളുമായും ധാരണയിലെത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | 2024-25 വർഷത്തെ ഒന്നാംവിള നെല്ല് സംഭരിക്കുന്നതിനു മില്ലുടമകളുമായി ധാരണയിലെത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. കേന്ദ്ര സർക്കാർ നെല്ല് സംഭരണം തുടങ്ങാനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്കാണ് എല്ലാ വർഷവും നെല്ല് സംഭരണം ആരംഭിക്കുന്നത്. 2024-25ന്റെ നെല്ല് സംഭരണ സീസണിന്റെ കേന്ദ്ര വിജ്ഞാപനം ലഭ്യമായിട്ടില്ല.<br><br>2024-25 വർഷത്തെ ഒന്നാം വിള നെല്ല് സംഭരണ വില കർഷകർക്ക് നൽകുന്നതിനായി ബാങ്കുകളുമായി പുതിയ ധാരണയിൽ ഇതുവരെ എത്തിയിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | സംഭരിച്ച നെല്ലിന്റെ തുക കേരള ബാങ്ക് മുഖാന്തിരം വിതരണം ചെയ്യുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | സംഭരിച്ച നെല്ലിന്റെ തുക കേരളാ ബാങ്ക് മുഖാന്തിരം വിതരണം ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ